മുദ്രകൾ

# വത്തിക്കാൻ, യമൻ, സെർബിയ.... വിക്കിലീക്സിന്റെ വെളിപ്പെടുത്തലുകൾ

**യൂറോപ്യൻ** യൂനിയൻ അംഗത്വത്തിന് വേണ്ടി തുർക്കി കാത്തുകെട്ടിക്കിടക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. ഓരോരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് യൂറോപ്യൻ യൂനിയൻ തുർക്കിയുടെ അപേക്ഷ തള്ളുകയായിരുന്നു. ബെനഡിക്ട് പതിനാറാമൻ വത്തിക്കാനിൽ പോപ്പായി അധികാരമേൽക്കുന്നതിന് മുമ്പ് (അന്നത്തെ പേര് ജോസഫ് റാറ്റ്സിംഗർ) നടത്തിയ ഇടപെടലുകളാണ് തുർക്കിക്ക് വിനയായതെന്ന് വിക്കിലീക്സ് രേഖകൾ വെളിപ്പെടുത്തുന്നു. 2004 ആഗസ്റ്റിൽ അമേരിക്ക അയച്ച കേബിൾ സന്ദേശത്തിലാണ് ഇത് സംബന്ധമായ പരാമർശമുള്ളത്. 'യൂറോപ്പിന്റെ നിതാന്ത പ്രതിയോഗിയും വത്തിക്കാനോട് പ്രതിബദ്ധത ഇല്ലാത്തതുമായ' തുർക്കിയെ യൂറോപ്യൻ യൂനിയനിൽ പ്രവേശിപ്പിക്കരുതെന്ന് റാറ്റ്സിംഗർ വാദിച്ചു. യൂറോപ്യൻ യൂനിയൻ ഭരണഘടന ക്രിസ്തുമത തത്ത്വങ്ങൾക്കനുസരിച്ച് മാറ്റിപ്പണിയാൻ വിഫലശ്രമവും അദ്ദേഹം നടത്തിയിരുന്നു. ഒരു മുസ്ലിം ദേശരാഷ്ട്രത്തെ യൂറോപ്യൻ യൂനിയനിൽ പ്രവേശിപ്പിക്കുന്നത് ക്രൈസ്തവ സ്ഥാപനങ്ങളെ ആന്തരികമായി തളർത്തുമെന്ന് റാറ്റ്സിംഗർ പറഞ്ഞതായും രേഖയിലുണ്ട്. മറ്റൊരു കേബ്ൾ സന്ദേശത്തിൽ (2006 ഡിസംബർ), ബെനഡിക്ട് പതിനാറാമൻ തുർക്കി പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാനുമായി നടത്തിയ ഊഷ്മളമായ കൂടിക്കാഴ്ചക്ക് ശേഷവും ഈ കടുത്ത നിലപാടിൽ മാറ്റമുണ്ടായിട്ടില്ലെന്ന് വ്യക്തമാക്കുന്നു.

മറ്റൊരു പിടി വിക്കിലീക്സ് രേഖകൾ യമനെക്കുറിച്ചുള്ളതാണ്. തന്റെ നാട്ടിലെ 'അൽഖാഇദ' കേന്ദ്രങ്ങൾ ആക്രമിക്കാൻ യമനീ പ്രസിഡന്റ് അലി അബ്ദുല്ല സ്വാലിഹ് അമേരിക്കൻ സേനയെ ക്ഷണിച്ചു എന്നാണതിൽ വെളിപ്പെടുത്തുന്നത്. *ദ ഗാർഡിയ*നിലും *ന്യൂയോർക്ക് ടൈംസി*ലും വെളിച്ചം കണ്ട രേഖകൾ പ്രകാരം, അമേരിക്കൻ ദേശസുരക്ഷാ ഉപദേഷ്ടാക്കളിൽ ഒരാളായ ജോൺ ബ്രെയ്നാനോട് അബ്ദുല്ല സ്വാലിഹ് ഇങ്ങനെ പറഞ്ഞു: "ഭീകരതാ പ്രശ്നത്തിൽ വാതിൽ ഞാനിതാ തുറന്നിട്ട് തന്നിരിക്കുന്നു; ഇനിയൊന്നിനും ഞാൻ ഉത്തരവാദിയല്ല."




● അബ്ദുല്ല സ്വാലിഹ്



● റാറ്റ്കോ മ്ളാദിക്

2009 സെപ്റ്റംബറിൽ അൽഖാഇദ കേന്ദ്രങ്ങൾക്കെതിരെ നടന്ന റോക്കറ്റാക്രമണം യമൻ സേന നടത്തിയതാണെന്നാണ് അബ്ദുല്ല സ്വാലിഹ് ജനങ്ങളോട് പറഞ്ഞിരുന്നത്. യഥാർഥത്തിലത് അമേരിക്കൻ സേന നേരിട്ട് നടത്തിയ ആക്രമണമായിരുന്നു. അമേരിക്കൻ സേനാ നായകൻ ഡേവിഡ് പെട്രാസിന് യമനീ പ്രസിഡന്റ് ഇങ്ങനെ സന്ദേശമയക്കുകയും ചെയ്തു: "അവിടെ കൊണ്ടിട്ട ബോംബുകൾ ഞങ്ങളുടേതാണെന്നും നിങ്ങളുടേതല്ലെന്നും ഞാൻ ജനങ്ങളോട് പറഞ്ഞുകൊണ്ടേയിരിക്കാം."

● ബനഡിക്ട് പതിനാറാമൻ



യുദ്ധക്കുറ്റവാളിയായ റാറ്റ്കോ മ്ളാദികിനെ ഒളിപ്പിക്കാൻ പാശ്ചാത്യ രാഷ്ട്രങ്ങൾ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും വിക്കിലീക്സിലുണ്ട്. 1995-ൽ ബോസ്നിയയിലെ സെബ്രാനിക്കയിൽ എണ്ണായിരം മുസ്ലികളെ കൂട്ടക്കൊല ചെയ്തത് ഇയാളുടെ നേതൃത്വത്തിലായിരുന്നു. മ്ളാദികിനെ പിടികൂടാൻ സെർബിയയോട് നിരന്തരം ആവശ്യപ്പെടുന്നു എന്ന പ്രതീതി സൃഷ്ടിക്കാനായിരുന്നു പാശ്ചാത്യ രാഷ്ട്രങ്ങളുടെ ശ്രമം. എന്നാൽ രഹസ്യമായി മ്ളാദികിന് രക്ഷപ്പെടാനുള്ള വഴികൾ ഒരുക്കിക്കൊണ്ടുമിരുന്നു. മുൻ യൂഗോസ്ലാവിയയിലെ യുദ്ധക്കുറ്റവാളികളെ പിടികൂടാൻ നിയുക്തരായ തങ്ങളുടെ സേനാവിഭാഗങ്ങളെ അമേരിക്ക അവിടെ നിന്ന് പിൻവലിക്കുകയാണ് ചെയ്തത്.

കുറ്റവാളിയെ പിടികൂടാനുള്ള തീവ്രയത്നത്തിലാണെന്ന പ്രതീതി തന്നെയാണ് സെർബിയയും ഉണ്ടാക്കിയത്. മ്ളാദിക് എവിടെയാണെന്ന് കൃത്യമായി അറിയാമായിരുന്നിട്ടും പതിനഞ്ച് വർഷം അയാളെ രക്ഷപ്പെടാൻ അനുവദിക്കുകയായിരുന്നു സെർബിയ. യുദ്ധക്കുറ്റവാളികളെ പിടിക്കുക എന്നത് യൂറോപ്യൻ യൂനിയൻ അംഗത്വം ലഭിക്കാനുള്ള ഉപാധിയായത് കൊണ്ട് സെർബിയ നാടകം കളിച്ചുകൊണ്ടേയിരുന്നു. ■

മുദ്രകൾ

# ബോസ്നിയയിൽ സ്ഥിതി ശാന്തം, പക്ഷേ അശാന്തം

**വിചിത്രവും** സങ്കീർണവുമാണ് ബോസ്നിയയിലെ തെരഞ്ഞെടുപ്പ് രീതികൾ. ഇവിടെ പ്രസിഡന്റ് ഒന്നല്ല, മൂന്ന് പേരാണ്. ഇവർ വംശീയാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നു. ബോസ്നിയൻ മുസ്‌ലിംകളിൽ നിന്നും സെർബുകളിൽ നിന്നും ക്രൊയാറ്റുകളിൽ നിന്നും ഓരോ പേർ വീതം. ഈ പ്രസിഡൻഷ്യൽ സമിതിയിലേക്ക് ഏറ്റവും കൂടുതൽ വോട്ട് നേടി തെരഞ്ഞെടുക്കപ്പെട്ടയാളാണ് ആദ്യം പ്രസിഡന്റാവുക. കാലാവധി എട്ടു മാസം. പിന്നെ ഓരോ എട്ടു മാസവും പ്രസിഡന്റ് മാറിക്കൊണ്ടിരിക്കും.

പാർലമെന്റ് തെരഞ്ഞെടുപ്പിലും വംശീയ വിഭജനം പ്രകടമായി കാണാം. സെർബ് വംശജർക്ക് ബോസ്നിയക്കകത്ത് തന്നെ പ്രത്യേക പാർലമെന്റാണ്. മുസ്‌ലിം-ക്രൊയാറ്റ് വിഭാഗങ്ങൾക്ക് മറ്റൊരു പാർലമെന്റും. ബോസ്നിയൻ വംശഹത്യക്ക് അറുതി വരുത്തിക്കൊണ്ട് പതിനഞ്ച് വർഷം മുമ്പ് ഒപ്പ് വെച്ച ഡായ്റ്റൻ കരാർ പ്രകാരമാണ് ഈ സംവിധാനം നിലവിൽ വന്നത്. കരാർ പക്ഷപാതപരമാണെന്നും വംശീയ ചേരിതിരിവ് വർധിപ്പിക്കാനാണ് അത് കാരണമാവുകയെന്നും നേരത്തെ വിമർശനമുയർന്നിരുന്നു. വംശഹത്യക്ക് അറുതിവരുത്താനുള്ള വ്യഗ്രതയിൽ അലി ഇസ്സത്ത് ബെഗോവിച്ചിനെപ്പോലുള്ള ദീർഘദർശികളായ നേതാക്കൾ വരെ തങ്ങളുടെ വിയോജിപ്പുകൾ മാറ്റിവെക്കുകയായിരുന്നു.




● ബാകിർ ബഗോവിച്ച്

കഴിഞ്ഞ ഒക്ടോബറിൽ പാർലമെന്റുകളിലേക്കും പ്രസിഡൻഷ്യൽ സമിതിയിലേക്കും തെരഞ്ഞെടുപ്പ് നടന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ വംശീയ ചിന്ത മൂർഛിച്ച് ബോസ്നിയയെ വിഭജിക്കണമെന്ന വാദം ഉയർന്നിരിക്കുകയാണ്. മുസ്‌ലിംകൾക്കൊപ്പമുള്ള ക്രൊയാറ്റുകളുടെ നേതാവ് മിലോറദ് ദോദികാണ് ഇത് ഉന്നയിച്ചതെന്നത് പ്രശ്നത്തിന്റെ ഗൗരവം വെളിപ്പെടുത്തുന്നു. അദ്ദേഹത്തിന് സെർബിയയിലും ബോസ്നിയയിലുമുള്ള സെർബ് വംശജരുടെയും പാർട്ടികളുടെയും പിന്തുണയുമുണ്ട്.

ബോസ്നിയയുടെ വിഭജനം തങ്ങൾ ഒരിക്കലും അംഗീകരിക്കുകയില്ലെന്ന് പ്രസിഡൻഷ്യൽ സമിതിയിലെ മുസ്‌ലിം പ്രതിനിധി ബാകിർ ബെഗോവിച്ച് പറഞ്ഞു. മുൻ പ്രസിഡന്റ് അലി ഇസ്സത്ത് ബെഗോവിച്ചിന്റെ പുത്രനായ അദ്ദേഹം പ്രതീക്ഷ കൈവിടുന്നില്ല. "ഡായ്റ്റൻ കരാർ പ്രകാരം ബോസ്നിയ വിഭജിക്കാൻ പാടില്ല. അതിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് ഹിത പരിശോധന നടത്താനുമാവില്ല. സെർബിയൻ നേതൃത്വം ക്രൊയാറ്റുകളെ വരുതിയിലാക്കി പ്രശ്നങ്ങളുണ്ടാക്കുകയാണ്. ക്രൊയാറ്റുകൾ തെറ്റ് തിരുത്തുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ബോസ്നിയൻ മുസ്‌ലിംകൾക്ക് പോകാൻ മറ്റൊരു ദേശമില്ലാത്തത് കൊണ്ട് ഏതൊരു വിഭജനത്തിന്റെയും വില നൽകേണ്ടിവരിക അവർ മാത്രമായിരിക്കും"- അദ്ദേഹം പറഞ്ഞു. ■

## ചരിത്രപ്രധാനമായ ആ വിചാരണ ആരംഭിച്ചു

**രാഷ്ട്രഘടനയെ** സൈന്യം അടക്കി ഭരിക്കുന്നത് അവസാനിപ്പിക്കും, ഉപജാപങ്ങളിലും ഗൂഢാലോചനകളിലും പങ്കാളികളായ സൈനികോദ്യോഗസ്ഥരെ സിവിൽ കോടതിയിൽ വിചാരണ ചെയ്യും- തുർക്കിയിൽ ഉർദുഗാൻ നേതൃത്വം നൽകുന്ന എ.കെ പാർട്ടി തെരഞ്ഞെടുപ്പിനെയും ഹിതപരിശോധനയെയും നേരിട്ടപ്പോൾ ഈയൊരു വാഗ്ദാനം കൂടി മുന്നോട്ടുവെച്ചിരുന്നു. അത് സാധ്യമാണോ എന്ന് രാഷ്ട്രീയ നിരീക്ഷകരൊന്നടങ്കം സംശയം പ്രകടിപ്പിച്ചു. കാരണം ആധുനിക തുർക്കിയുടെ മുക്കാൽ നൂറ്റാണ്ടിലധികം നീളുന്ന ചരിത്രത്തിൽ അങ്ങനെയൊന്ന് ഉണ്ടായിട്ടില്ല. അതിന് നേരിയ ശ്രമം നടത്തിയ നാല് ഗവൺമെന്റുകളെയെങ്കിലും സൈന്യം ബലം പ്രയോഗിച്ച് താഴെയിറക്കിയിട്ടുണ്ട്.

ആ നിലക്ക് ചരിത്രപ്രധാനവും അഭൂതപൂർവവുമാണ് കഴിഞ്ഞ ഡിസംബർ 16-ന് ഇസ്തംബൂളിലെ ഒരു സിവിൽ കോടതയിൽ അരങ്ങേറിയ 188 സൈനിക ഉദ്യോഗസ്ഥരുടെ ആദ്യഘട്ട വിചാരണ. ഇവരിൽ സർവീസിൽ ഉള്ളവരും സർവീസിൽ നിന്ന് പിരിഞ്ഞവരുമുണ്ട്. ഗൂഢാലോചനാ കുറ്റം ചുമത്തി പലപ്പോഴായി അറസ്റ്റ് ചെയ്യപ്പെട്ടവരാണിവർ. 2003-ലെ ഗൂഢാലോചനയാണ് ഇതിൽ പ്രധാനം. സൈന്യത്തിന്റെ രഹസ്യ സഹായത്തോടെ നാട്ടിലുട നീളം കലാപങ്ങൾ അഴിച്ചുവിടാനായിരുന്നു പ്ലാൻ. ഇസ്തംബൂളിലെ രണ്ട് മസ്ജിദുകളിൽ ബോംബ് വെക്കാനും പ്രകോപനത്തിലൂടെ ഗ്രീസിനെ കൊണ്ട് ഒരു ടർക്കിഷ് വിമാനം വെടിവെച്ച് വീഴ്ത്തിക്കാനും പരിപാടിയുണ്ടായിരുന്നു. ഇത് ആഭ്യന്തര കുഴപ്പങ്ങൾ രൂക്ഷമാക്കുമെന്നും സൈന്യത്തിന് ഇടപെടാൻ അവസരമൊരുക്കുമെന്നുമായിരുന്നു കണക്ക് കൂട്ടൽ. ഇതുപോലെ എ.കെ പാർട്ടി ഗവൺമെന്റിനെ മറിച്ചിടാനുള്ള നിരവധി ഗൂഢാലോചനകളും പുറത്ത് വന്നിട്ടുണ്ട്. വിചാരണ പൂർത്തിയാവുന്ന പക്ഷം പല മിലിട്ടറി ഉദ്യോഗസ്ഥർക്കും 15 മുതൽ 20 വർഷം വരെ തടവ് ശിക്ഷ ലഭിച്ചേക്കാം. 1980-ലെ സൈനിക കലാപത്തിന്റെ സൂത്രധാരനായ കൻആൻ ഇഫ്‌രീൻ (ഇപ്പോൾ 93 വയസ്സ്), തന്നെ വിചാരണ ചെയ്യാൻ മുതിർന്നാൽ ആത്മഹത്യ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ട വിചാരണ ആരംഭിച്ചുവെങ്കിലും സൈനിക കേന്ദ്രങ്ങൾ കടുത്ത അമർഷത്തിലാണ്. ജനം തങ്ങളുടെ പക്ഷത്തുണ്ട് എന്ന ആത്മവിശ്വാസത്തിലാണ് എ.കെ പാർട്ടി നിയമനടപടിയുമായി മുന്നോട്ടു പോകുന്നത്. ■